# നിറക്കൂട്ട്

## ഗവ എച്ച് എസ് എസ് അയിരൂപ്പാറ




## ഡിജിറ്റൽ മാഗസിൻ

2024

## പ്രിയപ്പെട്ടവരേ....

സർഗാത്മകതയുടെ താളവട്ടങ്ങളിലേക്ക്

സ്വാഗതം..

എഴുതിയും വരച്ചും അനുഭവിച്ചും അറിഞ്ഞും

മുന്നേറിയ നമ്മുടെ ബാല്യങ്ങൾ............

നവമാധ്യമങ്ങൾ കടന്നു കയറി നമ്മുടെ

ചിന്തകളെ പിന്നോട്ടടിച്ചു എന്ന വിമർശന ശബ്ദത്തിനിതാ,

ഞങ്ങൾ മറുപടി പറയുന്നു.

വരകളിലൂടെയും

വർണങ്ങളിലൂടെയും

പൂമ്പാറ്റകളെപ്പോലെ അവരുടെ സൃഷ്ടികൾ

പറന്നു നടക്കുന്നു

കഥയായും കവിതയായും കുറിപ്പായും

അവ നിങ്ങളെ തേടി വരുന്നു......

വെറും അക്ഷരമായി ഇതിനെ കാണരുത്.

ഒരു തലമുറയുടെ വിചാരങ്ങളും വികാരങ്ങളും

ചിന്തകളും മോഹങ്ങളും പ്രാർത്ഥനയും ഒക്കെ

ചേർന്ന ഒരു ഇടമാണ് ഇത്........

സ്വീകരിക്കുക.........

ഹൃദയപക്ഷം ചേർക്കുക

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ- സലീന എ ഹെഡ്മിസ്ട്രസ്**

**സ്റ്റാഫ് എഡിറ്റർ- ഉഷ എസ്, ജാസ്മിൻ.എൻ, ലിന എൽ**

**സ്റ്റുഡൻറ് എഡിറ്റർ- സഫ്ന എസ്**

**അസോസിയേറ്റ് എഡിറ്റർമാർ**

നീരജ്
നവനിത്
ആദിത്ത് എം വി
നന്ദഗോപാൽ
ദേവദത്ത്
ശ്രീവിനായക്





സർഗാത്മകതയും സാങ്കേതികത്തികവും
ഒത്തു ചേർന്ന് നിരവധി കലാശിൽപങ്ങൾ
രൂപം കൊണ്ടിട്ടുണ്ട്.
കഥയും കവിതയും ചിത്രവും
ഒക്കെ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ
കണ്ടു പിടിത്തമായ കമ്പ്യൂട്ടർ വഴി
സാക്ഷാത്കരിക്കുകയാണിവിടെ.

അയിരൂപ്പാറ ഗവ എച്ച് എസ് എസിലെ

**ലിറ്റിൽ കൈറ്റ്സ്**

കൂട്ടായ്മ തയ്യാറാക്കിയ
ഇ-മാഗസിൻ ആണ് നിങ്ങളുടെ
മുന്നിൽ ചിറകുവിരിക്കുന്നത്.
മേഘങ്ങളെ കീഴടക്കി അതിരു
കളില്ലാത്ത ആകാശത്തേക്ക് നമ്മുടെ
കുട്ടികളുടെ ഭാവന പറന്നുയരട്ടെ.....

രചനകൾ നിർവഹിച്ച മുഴുവൻ
കുട്ടികൾക്കും അവർക്ക് വഴി കാട്ടിയായ
അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും

*അഭിനന്ദനങ്ങൾ!*

എ സലീന
ഹെഡ്മിസ്ട്രസ്
ഗവ എച്ച്.എസ് എസ് അയിരൂപ്പാറ



**പി എസ് ബിനു**
**പി ടി എ പ്രസിഡൻ്റ്**

**പൊതുവിദ്യാഭ്യാസ യജ്ഞം**
**നടപ്പിലാക്കിയതു മുതൽ കേരളത്തിലെ**
**സ്കൂളുകൾ ഭൗതികമായും ബൗദ്ധികമായും**
**ലോക നിലവാരത്തിലേക്കുയർന്നു ....**
**ഹൈടെക് ക്ലാസ് മുറികൾ | പുതിയ**
**പാഠപുസ്തകങ്ങൾ അങ്ങനെ ലോകമുറ്റുനോക്കുന്ന**
**രംഗമായി മാറി നമ്മുടെ വിദ്യാഭ്യാസമേഖല**
**ഇതിൻ്റെ തുടർച്ചയാണ്**
**ലിറ്റിൽകൈറ്റ്സിൻ്റെ ഈ**
**മാഗസിൻ .....**

**എല്ലാ ഭാവുകങ്ങളും**
**മുന്നിലും പിന്നിലും നിൽക്കുന്നവർക്ക് ....**

**സ്വന്തം**
**പി എസ് ബിനു**




**SMC ചെയർമാൻ**

**ഷംനാദ് എ എസ്**

ആധുനിക കാലഘട്ടത്തിലെ നൂതന വിവരസാങ്കേതിക വിദ്യയുടെ മായിക ലോകത്തിലേക്ക് കൈ പിടിച്ചു നടത്താൻ ഉതകുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് . അതിൽ അംഗങ്ങളായ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസം നേടുകയും പരിശീലിക്കുകയും ചെയ്യുന്ന കുഞ്ഞുമക്കൾക്ക് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു ..

# ഉള്ളടക്കം


| കൃതി | വിഭാഗം | പേജ് |
|---|---|---|
| ഒരു സങ്കീർത്തനം പോലെ | ആസ്വാദനക്കുറിപ്പ് | 8 |
| കരിയിലയും പച്ചിലയും | കഥ | 9 |
| മാറിൽ ചായും മഴ | അനുഭവക്കുറിപ്പ് | 10 |
| കുഞ്ഞിക്കുയിലമ്മേ | കവിത | 11 |
| ओस की बून्दे | कविता | 12 |
| Nature is everywhere | poem | 13 |
| Ardent Eyes | poem | 14 |
| The green guardian | story | 15 |
| ജീവിതങ്ങൾ | കവിത | 16 |
| നിനക്കായ്.. | കവിത | 17 |
| വരകൾ | ചിത്രങ്ങൾ | 18 |

# ഒരു സങ്കീർത്തനം പോലെ

പെരുമ്പടവം ശ്രീധരൻ

വിശ്വപ്രശസ്ത റഷ്യൻസാഹിത്യകാരനായ ഫിയോദർ ദസ്തയേവ്സ്കിയുടെ ജീവിതത്തിലെഒരു ഘട്ടമാണ്പെരുമ്പടവം ശ്രീധരന്റെ ഒരു സങ്കീർത്തനം പോലെ എന്ന നോവൽ.ചൂതാട്ടക്കാരൻ എന്ന നോവലിന്റെ രചനയിൽ ഏർപ്പെട്ടിരുന്ന ദസ്തയേവ്സ്കിയുടെ അരികിൽ അന്ന എന്ന യുവതി എത്തുന്നതും തന്നെക്കാൾ വളരെ ചെറുപ്പമായ അന്നയോട് ദസ്തയേവ്സ്കിക്ക് തീവ്രപ്രണയം തോന്നുന്നതും ഒടുവിൽ ഇരുവരും.ജീവിത പങ്കാളികളാകുന്നതും അതിനിടയിലുള്ള അന്തർമുഖനായ ദസ്തയേവ്സ്കിയുടെ ആത്മസംഘർഷങ്ങളും ആശങ്കകളുമാണ് ഈ നോവലിന്റെ ഇതിവൃത്തം.അഴിഞ്ഞാട്ടക്കാരനും അരാജകവാദിയുമായി പല എഴുത്തുകാരും വിശേഷിപ്പിച്ചിട്ടുള്ള ദസ്തയേവ്സ്കിയെ ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയൊപ്പുള്ള ആൾ ആയിട്ടാണ് പെരുമ്പടവം ഈ നോവലിലൂടെ അവതരിപ്പിക്കുന്നത്.

ജീവിതത്തെ പ്രസാദാത്മകമായി നോക്കിക്കാണാൻ ദസ്തയേവ്സ്കി ഉപദേശിക്കുന്നു. ജീവിതത്തിൽ ഉണ്ടാകുന്ന ചെറിയ പരാജയങ്ങളോ നഷ്ടങ്ങളോ പോലും താങ്ങാനാവാതെ കടുത്ത മാനസിക സംഘർഷങ്ങൾക്കും ലഹരിക്കും അടിമയായി വിഷാദരോഗത്തിലേക്കും ആത്മഹത്യയിലേക്കും വഴുതിപ്പോകുന്ന ആധുനിക തലമുറയ്ക്ക് ജീവിതത്തിന്റെ സൗന്ദര്യവും ലക്ഷ്യവും ബോധ്യപ്പെടുത്തിത്തരുന്ന നോവലാണിത്. അനുഭവിച്ച ആത്മക്ഷതങ്ങളും സംഘർഷങ്ങളും തന്റെ കഥാപാത്രങ്ങൾക്ക് വീതിച്ചു കൊടുക്കുമ്പോൾ പോലും ജീവിതത്തെ വെറുക്കാൻ അവരെ അദ്ദേഹം പഠിപ്പിക്കുന്നില്ല.മറിച്ച് ഉലയിലെ ചുട്ടുപഴുത്ത സ്വർണ്ണം ആഭരണങ്ങളായി തീരുന്നപോലെ ജീവിതത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കാനാണ് അദ്ദേഹം പഠിപ്പിച്ചത്.

ദസ്തയേവ്സ്കിയുടെ ജീവിതത്തിൽ അന്നയ്ക്ക് നിർണ്ണായകമായ സ്ഥാനമാണ് ഉണ്ടായിരുന്നത്.ദസ്തയേവ്സ്കിയുടെ ഏകാന്തവും സംഘർഷഭരിതവുമായ ജീവിതത്തിന് അന്ന താങ്ങായി കടന്നുവരുന്നു. ഒരു സ്റ്റെനോഗ്രാഫറായി കടന്നുവരുന്ന അന്ന ദസ്തയേവ്സ്കിയെ തിരിച്ചറിയുകയും മനസിലാക്കുകയും ചെയ്യുന്നു.ഹൃദയം കൊണ്ട് അവർ പരസ്പരം അറിയുന്നു.സംഘർഷഭരിതമായ ജീവിതമുഹൂർത്തങ്ങളിലൂടെ കടന്നുപോകുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തിന് സാന്ത്വനമായും സങ്കീർത്തനമായും അവൾ മാറുന്നു.നിരന്തരം ജീവിതത്തിൽ പ്രശ്നങ്ങൾ കടന്നുവന്നുവെങ്കിലും അവയിൽ നിന്ന് ഓടി രക്ഷപ്പെടാൻ അദ്ദേഹം ശ്രമിച്ചില്ല.പീഡാനുഭവങ്ങളിലൂടെ വിമലീകരിക്കപ്പെട്ട അദ്ദേഹം തന്റെ കൃതികളിലൂടെ സ്വന്തം ജീവിതാനുഭവങ്ങൾ ചിത്രീകരിക്കുകയാണ് ചെയ്തത്.

**വർഷ എസ്**
**10B**



# കരിയിലയും പച്ചിലയും

ഷിഗാരു എന്ന സന്യാസിയുടെ ശിഷ്യനായിരുന്നു ജലായു. ഒരിക്കൽ ജലായു ഷിഗാരുവിന്റെ അടുത്തെത്തി, "ഗുരോ,ഞാനെന്തു നല്ല കാര്യം ചെയ്താലും അവയെല്ലാം കുഴപ്പങ്ങളിൽ കലാശിക്കുന്നു", ജലായു തന്റെ സങ്കടം പറഞ്ഞു. ജലായുവിന്റെ പ്രശ്നം പരിഹരിക്കാൻ ഷിഗാരു തീരുമാനിച്ചു ,അദ്ദേഹം ജലായുവിനോട് ഒരു കരിയിലയും ഒരു പച്ചിലയും കൊണ്ടു വരാൻ പറഞ്ഞു. നിമിഷങ്ങൾക്കുള്ളിൽ ഒരു കരിയിലയും ഒരു പച്ചിലയുമായി ജലായു ഷിഗാരുവിന്റെ മുന്നിലെത്തി, "ആ കരിയിലയെ ഒന്നു കത്തിക്കു" ഷിഗാരു പറഞ്ഞു. ജലായു കരിയില കത്തിക്കാൻ ശ്രമിച്ചു, നിമിഷങ്ങൾക്കകം കരിയില കത്തിച്ചാമ്പലാകുകയും ചെയ്തു. അടുത്തതായി പച്ചില കത്തിക്കാൻ ഷിഗാരു പറഞ്ഞു, ജലായു പച്ചില കത്തിക്കാൻ ശ്രമിച്ചു പക്ഷെ എത്ര ശ്രമിച്ചിട്ടും പച്ചില കത്തിയില്ല. "ഗുരോ, പച്ചില കത്തുന്നില്ല", ജലായു പറഞ്ഞു. "ഒന്നുകൂടി ശ്രമിക്കു", ഷിഗാരു പറഞ്ഞു. എത്ര ശ്രമിച്ചിട്ടും പച്ചില കരിയുന്നതല്ലാതെ കത്തുന്നുണ്ടായിരുന്നില്ല, എല്ലാം കഴിഞ്ഞപ്പോൾ ഷിഗാരു ജലായുവിനോട് പറഞ്ഞു, "കരിയില കത്തിക്കാൻ ശ്രമിച്ചപ്പോൾ പൊടുന്നനെ തന്നെ കത്തിയില്ലേ? എന്നാൽ അതുപോലെ പച്ചിലക്ക് കത്താൻ സാധിച്ചോ?, ഇല്ല. മനുഷ്യന്റെ മനസ്സും ഇതുപോലെയാണ്. മനസ്സ് കരിയില പോലെയാണെങ്കിൽ അവ കുഴപ്പത്തിൽ ചാടിച്ചേക്കാം, ഇനി മറിച്ച് പച്ചിലയാണെങ്കിൽ അവ ജീവിതത്തിന് സഹായകമായേക്കാം. ഏതു കാര്യവും ചെയ്യാൻ ആദ്യം വേണ്ടത് നല്ല മനസ്സാണ്, നല്ല മനസ്സുള്ളവർക്ക് മാത്രമേ ജീവിതവിജയം ഉണ്ടാവുകയുള്ളു". ഈ ഗുണപാഠം ജലായു ഉൾക്കൊണ്ടു.

അനന്തകൃഷ്ണൻ.എസ്.പി

9 B



## മാറിൽ ചായും മഴ

എന്റെ പേര് ഹരിപ്രിയ.അച്ഛനും അമ്മയും അനിയനും ചേച്ചിമാരുമടങ്ങിയ ഒരു കൊച്ചുകുടുംബം.കഴിഞ്ഞ മഴക്കാലത്തെ രസകരമായ ഒരു അനുഭവമാണ് എന്റെ മനസ്സിലേക്ക് ഉദിച്ചുവരുന്നത്.മീൻ പിടിക്കാനായിരുന്നു എന്റെ അനുജന് ഇഷ്ടം. തോരാതെ മഴ പെയ്യുമ്പോൾ ഇറങ്ങിയോടി മഴയത്ത് കളിക്കണം എന്ന് പലപ്പോഴും വിചാരിച്ചിട്ടുണ്ട്.പക്ഷേ മഴയത്ത് കളിച്ചാൽ പനി വരുമെന്ന് അച്ഛൻ എപ്പോഴും പറയാറുണ്ട്.പക്ഷേ അതൊന്നും ഞാൻ കേൾക്കില്ല.ഒരു ദിവസം ഉച്ചയൂണുകഴിഞ്ഞ് അമ്മ മയക്കത്തിലായിരുന്ന നേരം ഗംഗ നകുലന്റെ ഉറക്കത്തിന്റെ ആഴമളക്കുന്നപോലെ ഞാനും അമ്മയുടെ ഉറക്കത്തിന്റെ ആഴമളന്നു.രണ്ടു മണിക്കൂർ സമയമുണ്ട് അമ്മ ഉണരാൻ.പിന്നെ ഞാൻ ഒന്നും നോക്കിയില്ല.ഒട്ടും സമയം കളയാതെ അനുജന്റെ മുറിയിൽ കയറി അവന്റെ പഴയഒരു ചൂണ്ടയെടുത്തു.അവനെപ്പറ്റി പറഞ്ഞാൽ മഴക്കാലമായാൽ അവന് എന്നും ഓട്ടം തന്നെ.എന്നെക്കൂടെ കൊണ്ടുപോകാൻ പറഞ്ഞാൽ അവന്റെ ഒരു ഡയലോഗിതാണ്- മീൻ കൂട്ടി ഉണ്ണാനുള്ള പ്രായമേ നിനക്കായിട്ടുള്ളൂ,മീൻ പിടിക്കാനുള്ള പ്രായമായിട്ടില്ലെന്ന്.എന്നാലും ഞാൻ തോറ്റുപിൻമാറിയില്ല.ചൂണ്ടയും മണ്ണിരയുമായി ഞാൻ വീടിനടുത്തുള്ള തോട്ടിലേക്ക് വച്ചുപിടിച്ചു.ഏകദേശം പത്തുമിനിട്ടോളം ചൂണ്ടയിൽ ഒന്നും കൊത്തിയില്ല.പെട്ടെന്ന് ചൂണ്ടയിൽ ഒരു അനക്കം.പിടിച്ചുവലിച്ചുനോക്കിയപ്പോൾ നല്ല ഭാരം.അനിയനെ തോൽപ്പിക്കാൻ കിട്ടിയ ഒരവസരം.വല്ല സ്രാവോ തിമിംഗലമോ ഒക്കെ ആണെങ്കിൽ വീട്ടിൽ എന്നും വരുന്ന ചേട്ടന്റെ പെട്ടിഓട്ടോറിക്ഷ പിടിച്ച് വീട്ടിൽ കൊണ്ടുപോകാമെന്ന് കരുതി.കുറേ നേരം ടെൻഷൻ അടിച്ചു നിന്നു.പിന്നെ ആഞ്ഞൊരു വലി വലിച്ചു.പൊന്തിവന്നതോ ഒരു പാമ്പ്.അമ്മേ എന്നൊരു ശബ്ദം എന്റെ തൊണ്ടയിൽ നിന്നുമുയർന്നു.പിന്നെ ചൂണ്ടയും പാമ്പുമൊന്നും നോക്കിയില്ല.വീട്ടിലേക്ക് ഒരോട്ടം.എന്തായാലും സംഭവം നാട്ടിലും വീട്ടിലും ഒക്കെ പരസ്യമായി.മഴ നനഞ്ഞതുകൊണ്ടാണ് എനിക്ക് പനി പിടിച്ചതെന്നാണ് എല്ലാവരുടെയും വിചാരം,പേടിച്ചിട്ടാണെന്ന് എനിക്കല്ലേയറിയൂ.ഞാൻ അതൊന്നും കാര്യമാക്കിയിട്ടില്ല,കണ്ടത് പാമ്പാണോ നീർക്കോലിയാണോയെന്നത് എന്ന സത്യം എന്നോടുകൂടി മണ്ണടിയട്ടെ.

**ഹരിപ്രിയ**

**8A**



# കുഞ്ഞിക്കുയിലമ്മേ

കുഞ്ഞിക്കുയിലമ്മേ കുഞ്ഞിക്കുയിലമ്മേ
കൂടെക്കളിക്കാൻ കൂട്ടിനുകൂടെ ഞങ്ങളും പോരട്ടെ,
പാട്ടുകൾ പാടാനും ആട്ടങ്ങൾ ആടാനും ഞങ്ങളുണ്ടല്ലോ
കൂടെക്കളിക്കാനായ് നീവരുന്നില്ലെ

നിന്നുടെ പാട്ടുകൾ കേൾക്കാനായി ഞങ്ങൾ കൊതിക്കുന്നു
നിന്നുടെ കൂടെക്കൂകാനായി ഞങ്ങൾ കൊതിക്കുന്നു

കൂ.........കൂ.........കൂ.........കൂ.........

ആട്ടംകഴിഞ്ഞു പാട്ടുംകഴിഞ്ഞു
വാരുറ്റമേഘങ്ങൾ പാടെ മറഞ്ഞു
നിന്നോടൊന്നിച്ചു കളിക്കാനായി
നാളെവരാല്ലോ നാളെവരാല്ലോ

**പ്രിയദർശിനി**
**8D**



## ओस की बून्दे

छोटी छोटी ओस की बून्दे
चमचम चमकती ओस की बून्दे
पेड-पौधो से गिरती बून्दे
प्यारी प्यारी ओस की बून्दे
धरती की प्यारी प्यारी बून्दे
आसमान से गिरती बून्दे
मुस्कुराती ओस की बून्दे
प्यारी प्यारी ओस की बून्दे

**AKSHAY J S**

**10B**



# NATURE IS EVERYWHERE

Nature is everywhere.
Nature is everywhere you go.
Everything that lives and grows is nature.
Animals.
Big and small
Nature is plants that grow so tall.
Nature is beautiful in every way.
Wonderful ,exciting
And needs our care.
So listen learn and do your
part to keep nature
Beautiful forever.

SAFNA S
9 A



# ARDENT EYES

Her eyes was ardent
Her words was vibrant
She was hiding in darkness
But her eyes was full of brightness

She was in a birdcage
Thinking of her dream cage
She was soaking her mind with tears
and her eyes flares

She was drowning in a sea of her own despair
Her reply was like a glare

Her face was deadpan
She always stay calm
She was quiet but alert
By her voice the world burnt

Her eyes was ardent
Her words was vibrant
She was hiding in darkness
But her eyes was full of brightness



SIVANI SS
8C

## THE GREEN GUARDIAN

There was a big nature in the world where all the organisms lived .In the natures bed there lived a boy. He always had a thought in his mind how to save the nature. He saw the nature as his mother. The boy was just thirteen years old. He tried to teach others how to care of nature.

On a day he saw a young child who was picking flowers. He asked the child "why did you pluck the flower" Child said "I like the flower so I just pluck it". The boy smiled and replied "dear, you like the beauty of flower you never thought about the feelings of it. All the creature in the world have their own feelings When you like flower just care of it" The boy asked the child "Did you know about nature"

child said, "no" Boy said " the place where all the things in the world that are not made by people lived and all variety of organisms lived is known as nature" The child understood the mistake and said sorry for plucking flower and said thanks to boy who taught about nature and child gone A few days later the same child came to the same place to see the boy Child wait for him He knows that the boy must come to the place daily on that time A stray dog bark at the child Immediately he picked some stones and threw them at the dog and the dog got many injuries Unexpectedly the boy saw that He went near the child and ask why you threw it He says that the dog bark at me so I just throw it The boy say all living things in this world have their own duties The dog must bark, birds will make chirping and the rivers made weeds its the truth of nature dear Nature made up of everything we saw and just as we are afraid of a dog, the dog also afraid of us if we harm it only it will harm us Nature depends on non living things and living things too. Human can't alive without the presence of nature Now the boy become a nature guardian and he taught about nature to a child......



**ANIKA S**

**8C**

# ജീവിതങ്ങൾ

സ്നേഹവും സഹനവും സന്തോഷവും
ഒത്തുചേർന്നുള്ളൊരീ ജീവിതങ്ങൾ
ആഴക്കടലുപോൽ അങ്ങങ്ങു നീളത്തിൽ
നീന്തിക്കടക്കുവാനാവാത്ത ജീവിതങ്ങൾ.
സ്നേഹ ബന്ധങ്ങളും സൗഹൃദങ്ങളും
കോർത്തിണക്കുന്നൊരീ നാളുകളിൽ
ദുരിതവും സമ്പന്നവുമായി ഈ
ലോകത്തിൽ വിളയാടുന്നീ ജീവിതങ്ങൾ
ക്രൂരമായെല്ലാം നശിപ്പിച്ചുകൊണ്ടു നാം
കൊണ്ടാടുന്നൊരീ ജീവതങ്ങൾ
ആഡംബരങ്ങളും ആർഭാടങ്ങളും
തന്മുന്നിൽ കൊണ്ടാടുന്ന നേരം
നാം എല്ലാം മറക്കുന്ന ഒരേയൊരു കാര്യം
അതാണ് നമ്മുടെ ജീവിതങ്ങൾ
സ്വത്തും സമ്പത്തും പൊയ്ക്കഴിയുമ്പോൾ
നാം ഭൂമിക്ക്  ഭാരമാകുന്നൊരാ നേരം
ഉള്ളിലടക്കാനാവാത്ത നോവോടെ
നാം ഓർക്കും നമ്മുടെ ജീവതങ്ങൾ
ഇലകൾ കൊഴിയും പോൽ
പണമെല്ലാം കൊഴിയുമ്പോൾ
ജീവിതം മതിയായെന്നു തോന്നും
എന്നാൽ ശെരിയല്ല ഓർക്കു ഒരു കാര്യം
എന്തെന്നാൽ ദൈവം കനിഞ്ഞൊരു
അക്ഷയപാത്രം അതാകുന്നു നമ്മുടെ ജീവിതം
കാലചക്രത്തിൻ അരികിലായെത്തുമ്പോൾ
നാം ഓർക്കുന്നു നമ്മുടെ ജീവിതങ്ങൾ



**അഭിരാ സുരേഷ് എ**

**7B**


# നിനക്കായ്.....


നീയകലെ മാഞ്ഞുപോയി എന്നിലുയിർക്കുന്നു
ആ മുഗ്ധരാത്രിതൻ സമ്മോഹനം
നിൻ കരസ്പർശത്താലുന്മാദ വീണയായ്
ഹിന്ദോളരാഗമായ് ഞാനൊഴുകി
നീയകലെ മാഞ്ഞുപോയി എന്നിലുയിർക്കുന്നു
ആ മുഗ്ധരാത്രിതൻ സമ്മോഹനം
ആർദ്രമാം രാവിൻ ദൃതിയിലാ നിൻകര-
മാമന്ദമെന്നെ പുണർന്നുണർത്തി
ആമധുരാർഘ്യമെൻ ശ്വാസനിശ്വാസവും
പൂർണ്ണതയെന്നതറിഞ്ഞുവോ നീ.........
പൂർണ്ണതയെന്നതറിഞ്ഞുവോ നീ.........
നീയകലെ മാഞ്ഞുപോയി എന്നിലുയിർക്കുന്നു
ആ മുഗ്ധരാത്രിതൻ സമ്മോഹനം
പാടിത്തളർന്നൊരീ പൂങ്കുയിൽ നാദത്തി-
ന്നുൾത്തുടിപ്പാമന്ദം നീ കേട്ടുവോ
പാടുവാനാകാത്ത വേപഥുഗാത്രിതൻ
കൃഷ്ണമണിയിലെ ശ്രീപതി നീ
എൻ കൃഷ്ണമണിയിലെ ശ്രീപതി നീ
നീയകലെ മാഞ്ഞുപോയി എന്നിലുയിർക്കുന്നു
ആ മുഗ്ധരാത്രിതൻ സമ്മോഹനം



ഗീത കെ കെ
അദ്ധ്യാപിക
ഗവ.എച്ച്.എസ് എസ് അയിരൂപ്പാറ








AFSINA FATHIMA
8D



# ഗവ എച്ച് എസ് എസ്
# അയിരൂപ്പാറ

**സ്കൂൾ**
**മികവുകൾ**
**ഇനി ഒരൊറ്റ**
**ക്ലിക്കിൽ...**

സ്കാൻ ചെയ്യൂ....
സ്കൂൾ വിക്കിയിലൂടെ
ലോകത്തെവിടെയിരുമിരുന്ന്
പൊതുവിദ്യാലയത്തിൻറെ
നേട്ടങ്ങൾ കാണാം......

എന്റെ വിദ്യാലയം
നാടിനഭിമാനം.......